01.08.2018

**ആദിപമ്പ – വരട്ടാർ പുനരുജ്ജീവനം**
**ജൈവ വൈവിധ്യ കൺവൻഷൻ, മാസ്റ്റർ പ്ലാൻ രൂപീകരണം**
**ആഗസ്റ്റ് 8,9 ക്രിസ്ത്യൻ കോളേജ്, ചെങ്ങന്നൂർ**

പമ്പാനദിയിൽ ആറാട്ടുപുഴയ്ക്ക് പടിഞ്ഞാറ് കോയിപ്പുറം പഞ്ചായത്തിന്റേയും ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയുടേയും അതിരിൽ നിന്നും ആരംഭിച്ച് 4 കിലോമീറ്റർ ഒഴുകി പമ്പയിൽതന്നെ മംഗലംകടവിൽ ചെന്നു ചേരുന്ന പുഴയാണ് ആദിപമ്പ.

ആദിപമ്പയിൽ പുതുക്കുളങ്ങര ഭാഗത്ത് ആരംഭിച്ച് ചെങ്ങന്നൂർ മുനിസിപ്പാലിറ്റി, ഇരവിപേരൂർ, കുറ്റൂർ, തിരുവൻവണ്ടൂർ പഞ്ചായത്തുകളിലൂടെ ഒഴുകി ഇരമല്ലിക്കര ഭാഗത്ത് മണിമലാറ്റിൽ ചേരുന്ന 9.40 കി.മി. നീളമുള്ള പുഴയാണ് വരട്ടാർ.

പതിറ്റാണ്ടുകളായി ഒഴുക്കുനിലച്ച് പലയിടത്തും കരയായി മാറിയ ഈ പുഴകൾ ഒരു വലിയ ജനകീയ മുന്നേറ്റത്തിൽ ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ വീണ്ടെടുത്തത് 2017 മൺസൂൺ കാലത്താണ്.

മഴക്കാലനീരൊഴുക്ക് വീണ്ടെടുക്കാനായെങ്കിലും പുഴയെ പൂർണ്ണമായും വീണ്ടെടുക്കണമെങ്കിൽ വർഷങ്ങൾ നീണ്ട പരിസ്ഥിതിപുനസ്ഥാപന പ്രവർത്തനങ്ങൾ ആവശ്യമാണ്. സംസ്ഥാന സർക്കാർ ഈ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന വിവരം അറിയിക്കട്ടെ. ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, സംഘടനകൾ, സ്കൂൾ കോളേജുകൾ, പരിസ്ഥിതിപ്രവർത്തകർ, വിദഗ്ദ്ധർ, തീരവാസികൾ തുടങ്ങി വിപുലമായ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനിന്റെ രൂപികരണം നടന്നുവരികയാണ്. പുതിയ പാലങ്ങൾ, തീരസംരക്ഷണ പ്രവർത്തങ്ങൾ, ആദിപമ്പയിലും വരട്ടാറിലും എത്തിച്ചേരുന്ന മുഴുവൻ നീർച്ചാലുകളുടെയും വീണ്ടെടുപ്പ്, വിപുലമായ ജലസംരക്ഷണ പ്രവർത്തനങ്ങൾ, പുഴകളെ മാലിന്യമുക്തമാക്കുന്നതിന് വൃഷ്ടിപ്രദേശത്ത് നടത്തുന്ന ഇടപെടലുകൾ, പുഴയോളം നീണ്ട ജൈവവൈവിധ്യ ഉദ്യാനം, പ്രാദേശിക സാംസ്ക്കാരിക പൈതൃകം പങ്കുവയ്ക്കുന്ന മ്യൂസിയങ്ങൾ, സുസ്ഥിര വിനോദ സഞ്ചാര പ്രവർത്തനങ്ങൾ, അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠന ഗവേഷണ സൗകര്യങ്ങൾ, വിപുലമായ ക്യാമ്പയിനുകൾ തുടങ്ങി നിരവധിയായ ആശയങ്ങൾ മാസറ്റർ പ്ലാനിൽ ഉൾപ്പെടു ത്തിയിട്ടുണ്ട്.

ഈ മാസ്റ്റർപ്ലാൻ ചർച്ചചെയ്യുന്നതിനും പുതിയ ആശയങ്ങൾ, പ്രവർത്തന പരിപാടികൾ, നടപടികൾ ഇവ കൂട്ടിച്ചേർത്ത് മാസ്റ്റർപ്ലാൻ അന്തിമമാക്കുന്നതിനുമുള്ള വേദിയാണ് ആഗസ്റ്റ് 8,9 തീയതികളിൽ ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിൽ ഒരുങ്ങുന്നത്. വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങളിലെ പ്രമുഖർ പങ്കെടുക്കുന്ന മാസ്റ്റർ പ്ലാൻ വിപുലീകരണ ചർച്ചകൾ 8 –ാം തീയതി നടക്കും. പുതിയ നിർദ്ദേശങ്ങൾ സമന്വയിപ്പിച്ചുകൊണ്ട് ജനപ്രതിനിധികളും വകുപ്പുദ്യോഗസ്ഥരും വിദഗ്ദ്ധരും ചേർന്ന് മാസ്റ്റർ പ്ലാൻ അന്തിമമാക്കുന്ന പ്രക്രീയയാണ് 9 –ാം തീയതി നടക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യൂ.റ്റി.തോമസും, ധനവകുപ്പ് മന്ത്രി. ഡോ. തോമസ് ഐസക്കും കൺവെൻഷനിൽ പങ്കെടുക്കും. ആറന്മുള, തിരുവല്ല ചെങ്ങന്നൂർ മണ്ഡലങ്ങളിൽപെടുന്ന കോളേജുകളിൽ നിന്നുള്ള തെരെഞ്ഞെടുക്കപ്പെട്ട കുട്ടികളും അധ്യാപകരും കൺവൻഷന്റെ ഭാഗമാകും. താല്പര്യമുള്ള സ്കൂളുകൾക്കും പങ്കെടുക്കാൻ അവസരം ഉണ്ടാകും.

ആദിപമ്പയുടെയും വരട്ടാറിന്റെയും സുസ്ഥിരത വീണ്ടെടുക്കാൻ താങ്കളുടെ കൈയ്യൊപ്പ് ഞങ്ങൾ പ്രതീക്ഷിക്കുന്നു. **ആഗസ്റ്റ് 8 ന് രാവിലെ 10 മണിക്ക്** തന്നെ എത്തിച്ചേരുമല്ലോ.

**വിശ്വസ്തതയോടെ**

| | | |
|---|---|---|
| വീണാജോർജ്ജ് | സജിചെറിയാൻ | ഡോ.ടി.എൻ.സീമ |
| എം.എൽ.എ., ആറന്മുള | എം.എൽ.എ., ചെങ്ങന്നുർ | ഉപാദ്ധ്യക്ഷ,ഹരിതകേരളം മിഷൻ |